(i) സുഡാൻ

ഹി. എട്ടാം നൂറ്റാണ്ടിൽ ചെങ്കടൽ വഴി നിരവധി അറബി ഗോത്രങ്ങൾ സുഡാനിൽ പ്രവേശിച്ചു. ഇവർ സുഡാനിലെ സിനാർ പ്രദേശത്ത് താമസമാക്കി. ഇവരുടെ പ്രവർത്തനഫലമായി അവിടത്തെ ജനത ഇസ്‌ലാമാശ്ലേഷിച്ചു. യൂറോപ്യന്മാരുടെ ആഗമന കാലത്ത് വടക്കൻ സുഡാനിലെ ജനത മുഴുവനും മുസ്‌ലിംകളായി മാറിയിരുന്നു.

ആഫ്രിക്കയിൽ ഇസ്‌ലാമിന്റെ ആദ്യസംഘം എത്തിയ നാട് എന്ന സ്ഥാനം ലഭിച്ചത് എത്യോപ്യക്കായിരുന്നുവെങ്കിലും ഇസ്‌ലാമിക നാഗരികതയ്ക്ക് വിളനിലമായത് ഈജിപ്ഷ്യൻ മണ്ണാണ്. സംസ്കാരത്തിന്റെ കളിത്തൊട്ടിലെന്ന് കീർത്തി കേട്ട ആ നാട് ഇസ്‌ലാമിക സംസ്കാരത്തിനും വൈജ്ഞാനിക വികാസത്തിനും ഇന്നും ലോകത്തിന് തന്നെ മാതൃകയായി നിലനില്ക്കുന്നു. ഈജിപ്തിലെ പ്രമുഖങ്ങളായ നിരവധി പട്ടണങ്ങൾ ഇസ്‌ലാമിക സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രചാര കേന്ദ്രങ്ങളായി നൂറ്റാണ്ടുകളോളം നിലനിന്നു. ചരിത്രപരമായ കാരണങ്ങളാലും ഈജിപ്തിന്റെ പ്രത്യേക സാഹചര്യങ്ങളാലുമാണ് ഈ സൗഭാഗ്യം അതിന്ന് ലഭിച്ചത്. ലോകത്തിലെത്തന്നെ ഏറ്റവും പൗരാണികവും പ്രസിദ്ധവുമായ സർവകലാശാല-അൽഅസ്ഹർ- ഈജിപ്തിലാണ് സ്ഥാപിക്കപ്പെട്ടത്.

ഇസ്‌ലാം പശ്ചിമ-മധ്യമ സുഡാനിലേക്കും സാവന്ന പ്രദേശങ്ങളിലേക്കും വ്യാപിച്ചത് ഈജിപ്തിലൂടെയാണ്.

ഹി. ആറാം നൂറ്റാണ്ടിൽ ഇബാദ്വീ ഭരണകാലത്താണ് മാലി ജനത ഇസ്‌ലാം ആശ്ലേഷിച്ചത്. മാലിയിലെ ജനങ്ങളുടെ വിശ്വാസം പൂർണമായും ഇസ്‌ലാമികമായിട്ടില്ല. നിരവധി അന്ധവിശ്വാസങ്ങൾ അവർ വച്ചുപുലർത്തുന്നു. ഗോത്രപാരമ്പര്യങ്ങളിലും ആചാരങ്ങളിലും അധിഷ്ഠിതമാണ് അവരുടെ വിശ്വാസം. ഐതിഹ്യങ്ങളിലും അദ്ഭുത കഥകളിലും അവർക്ക് ഏറെ താൽപര്യമാണ്.

ഹി. രണ്ടാം നൂറ്റാണ്ടിൽ ഇദ്‌രീസികളുടെ ഭരണകാലത്ത് മൊറോക്കോ പൂർണമായി ഇസ്‌ലാമിൽ വന്നു. ഇദ്‌രീസുബ്നു അബ്ദില്ലായാണ് മൊറോക്കോയിലും പശ്ചിമാഫ്രിക്കയിലും ഇസ്‌ലാം പ്രചരിപ്പിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചത്.

ഹി. 169-ൽ ഫഖ്ഖ്‌യുദ്ധത്തിൽ അലവികൾ പരാജയപ്പെട്ടപ്പോൾ ഒളിച്ചോടിയ ഇദ്‌രീസ് രണ്ടു വർഷത്തിനുശേഷം ആഫ്രിക്കയിലെ ത്വൻജഃ പ്രവിശ്യയിൽ വലീലഃ എന്ന സ്ഥലത്ത് എത്തിച്ചേർന്നു. ഔറബഃ, മിക്നാസഃ, സ്നാതഃ തുടങ്ങിയ ബർബർ ഗോത്രങ്ങൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനം നടത്തി. അത് വമ്പിച്ച വിജയമായിത്തീർന്നു. ഹി. 172-ൽ അദ്ദേഹം ഈ ഗോത്രക്കാരുടെ ഇമാമായി തെരഞ്ഞെടുക്കപ്പെട്ടു. വലീലഃ കേന്ദ്രമാക്കി അദ്ദേഹം ശക്തമായ ഭരണകൂടം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ധാരാളം ബർബരികൾ ഇസ്‌ലാമിലേക്ക് വന്നു. [നോ: ഇദ്‌രീസികൾ].

സഹാറാ അതിർത്തിയിൽ നൈജർ നദീതീരത്ത് സ്ഥിതി ചെയ്യുന്ന ടിമ്പക്റ്റോ എന്ന നഗരം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ കേന്ദ്രമായി പരിലസിച്ചു. ആ പട്ടണം ഇന്ന് സുഡാനിലാണ്.

സഹാറ മരുഭൂമിയിലെ ബർബർ വംശക്കാരിൽ അധികവും ഹി. നാലാം നൂറ്റാണ്ടോടെ മുസ്‌ലിംകളായി. നാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സഹാറ മരുഭൂമി താണ്ടിക്കടന്ന് ബർബർ വംശജരായ ലംതൂനഃ ഗോത്രക്കാരുടെ വാസസ്ഥലമായ ഓഡ് ഗാസ്റ്റിലെത്തിയ പ്രസിദ്ധ സഞ്ചാരി ഇബ്നുഹൗഖൽ അവിടത്തെ ജനങ്ങളെല്ലാം മുസ്‌ലിംകളാണെന്ന് കണ്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലംതൂനഃ ഗോത്രക്കാരാണ് സഹാറയിലെ ജനങ്ങളിൽ ഇസ്‌ലാം പ്രചരിപ്പിച്ചത്.

മുറാബിത് രാജവംശത്തിന്റെ സ്ഥാപകനായ യൂസുഫുബ്നു താശുഫീന്റെ പിതൃവ്യൻ അബ്ദുല്ലാഹിബ്നു യാസീൻ ക്രി. 1042-ൽ ഇസ്‌ലാമിക പ്രബോധനത്തിനായി സനിഗൽ നദിയിലെ ഒരു തുരുത്തിൽ ഒരു മഠം സ്ഥാപിച്ചു. അവിടെനിന്ന് നാട്ടിന്റെ ഉൾഭാഗങ്ങളിലേക്ക് പ്രബോധക സംഘങ്ങളെ അയച്ചുകൊണ്ടിരുന്നു. സനിഗലിലെ പ്രസിദ്ധമായ തക്‌മൂർ ഗോത്രമാണ് ആദ്യമായി ഇവിടെ ഇസ്‌ലാം സ്വീകരിച്ചത്. 11-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആ പ്രദേശത്തെ കറുത്ത വർഗക്കാരിൽ പൂർണമായും ഇസ്‌ലാം പ്രചരിച്ചു. അക്കാലത്ത് നൈജർ നദീതീരത്തിന്റെ മധ്യത്തിലായി സൂൺഗായി, മാലി എന്നീ രണ്ട് ഗോത്രങ്ങൾക്കിടയ്ക്ക് ഇസ്‌ലാമിനുണ്ടായ വളർച്ച അദ്ഭുതകരമായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ഇങ്ങനെ സ്വൂഫീ പ്രബോധക സംഘങ്ങളിലൂടെയും ഭരണാധികാരികളിലൂടെയും ഇസ്‌ലാം ആഫ്രിക്കയുടെ ഇതര പ്രദേശങ്ങളിൽ ദ്രുതഗതിയിൽ വ്യാപിച്ചുകൊണ്ടിരുന്നു.

ക്രി. 1200-ൽ നൈജർ തീരത്തെ ജന്ന എന്ന പട്ടണത്തിലെ രാജാവ് ഇസ്‌ലാം സ്വീകരിച്ചപ്പോൾ സംഘടിപ്പിച്ച ആഘോഷത്തിൽ മാലിയിലെ 4200 പണ്ഡിതന്മാർ പങ്കെടുത്തിരുന്നതായി രേഖകളുണ്ട്.

യൂറോപ്യന്മാർ ആഫ്രിക്കയിലെത്തുമ്പോൾ ആഫ്രിക്കൻ ജനതയുടെ പകുതിയും മുസ്‌ലിംകളായിക്കഴിഞ്ഞിരുന്നു.

ആഫ്രിക്കയിലെ ഇസ്‌ലാമിക പ്രബോധനത്തിന്റെ ചരിത്രം പ്രവാചകന്റെ കാലം മുതൽ ആധുനിക കാലഘട്ടം വരെ നീണ്ടുനില്ക്കുന്നതായി കാണാം.

ഈജിപ്തിലെ അയ്യൂബീ സുൽത്വാൻമാരുടെ കാലത്താണ് നൂബിയൻ ദേശത്ത് (കിഴക്കൻ സുഡാൻ) ഇസ്‌ലാമിക പ്രചാരണം നടന്നതെങ്കിൽ മൊഗാദിശു (സോമാലിയ), മുംബാസ (കെനിയ), സാൻസിബാർ, പമ്പ, കിൽവ (താൻസാനിയ), മൊസാംബിക്, സോഫാല, ജൂഹാന (ഖമർദ്വീപ്) എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ ഹി. ഒന്നാം നൂറ്റാണ്ടിൽതന്നെ ഇസ്‌ലാം പ്രചരിച്ചിരുന്നു. ഹി. 65-ൽ ഹ്വദ്‌റമൗതിൽനിന്ന് വന്ന സുലൈമാൻ, സഈദ് എന്നീ സഹോദരന്മാരുടെ സംഘവും പിന്നീട് ക്രി. 975-ൽ തെക്കൻ ഇറാനിൽനിന്ന് വന്ന വഹ്ബുബ്നു അലിയും അദ്ദേഹത്തിന്റെ ആറ് സഹോദരന്മാരുമായിരുന്നു മേൽപറയപ്പെട്ട പ്രദേശങ്ങളിൽ ഇസ്‌ലാമിക പ്രബോധനം നടത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചത്.

നൈജർ നദിയുടെ കിഴക്കൻ കൈവഴിയിലുള്ള പ്രദേശങ്ങളിൽ ഹി. 7-ാം നൂറ്റാണ്ടിനു മുമ്പ് ഇസ്‌ലാം എത്തിയിരുന്നതായി കാണാം. ചുരുക്കത്തിൽ ക്രി. 15, 16 നൂറ്റാണ്ടോട് കൂടി ആഫ്രിക്കയിൽ ഇസ്‌ലാം സ്വാധീനം നേടിക്കഴിഞ്ഞിരുന്നു.